**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 53** **27-06-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജി.എസ്.ഇ.ആർ സർവേ പ്രകാരം സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൽ ഏഷ്യയിൽ ഒന്നാമതായി കേരളത്തെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | (എ) | കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പത്ത് വ്യവസ്ഥ (Knowledge economy) ആക്കി മാറ്റുന്നതിനായി നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി നൈപുണ്യ നവീകരണത്തിനും നൈപുണ്യ പുനരുദ്ധാരണത്തിനുമുള്ള (skill upgradation and reskilling activities) നടപടി സ്വീകരിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പു സാമ്പത്തിക വർഷം യുവസംരംഭകത്വ പരിപാടി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ബി) | കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പത്ത് വ്യവസ്ഥ (Knowledge economy) ആക്കി മാറ്റുന്നതിനായി നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി നൈപുണ്യ നവീകരണത്തിനും നൈപുണ്യ പുനരുദ്ധാരണത്തിനുമുള്ള (skill upgradation and reskilling activities) നടപടി സ്വീകരിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പു സാമ്പത്തിക വർഷം യുവസംരംഭകത്വ പരിപാടി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

## I. യുവ സംരംഭകത്വ പരിപാടി

താഴെപ്പറയുന്ന ഘടകങ്ങൾ അടങ്ങുന്നതാണ് യുവ സംരംഭകത്വ പരിപാടി

### 1) ഇവാഞ്ചലൈസേഷൻ സപ്പോർട്ട്

സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതി. ഇതിന്റെ ഭാഗമായി വിവിധതരം പരിശീലന നൈപുണ്യ വികസന പരിപാടികൾ വിദ്യാർത്ഥികൾക്കിടയിൽ സംഘടിപ്പിച്ചു വരുന്നു. സാങ്കേതിക കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയിൽ ഇന്നോവേഷൻ ആന്റ് എന്റർപ്രണർഷിപ് ഡെവലെപ്മെന്റ് സെന്ററുകൾ (IEDC) സ്ഥാപിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തുവരുന്നു. 341 കോളേജുകളിൽ ഇതിനോടകം IEDC കൾ സ്ഥാപിച്ചിട്ടുണ്ട്.

### 2) ഇൻക്യൂബേറ്ററുകൾ, ആക്സിലറേറ്ററുകൾ, അടിസ്ഥാന സൗകര്യം

ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക, ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചു വരുന്ന ഇൻക്യൂബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻക്യൂബേറ്ററുകൾ പ്രവർത്തിച്ചു വരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള (IIITM-K), മിനിസ്ട്രി ഓഫ് ഇലക്ട്രോണിക് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, ഗവൺമെന്റ് ഓഫ് ഇന്ത്യ (MeitY), കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുടെ സംയുക്ത സംരംഭം ആയ മേക്കർ വില്ലേജ് എന്ന ഇലക്ട്രോണിക്സ് ഇൻക്യൂബേറ്റർ, രാജീവ് ഗാന്ധി സെന്റർ ഫോർ ബൈയോടെക്നോളോജി, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുടെ സംയുക്ത സംരംഭമായ ബയോ നെസ്റ്റ് എന്ന ബയോ ടെക്നോളജി ഇൻക്യൂബേറ്റർ എന്നിവയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി നൽകി വരുന്നു. പട്ടിക ജാതി വികസന വകുപ്പിന്റെ സ്റ്റാർട്ടപ് ഡ്രീംസ് എന്ന ഇൻക്യൂബേറ്ററിന്റെ നടത്തിപ്പ് കേരള സ്റ്റാർട്ടപ്പ് മിഷൻ നിർവ്വഹിച്ചുവരുന്നു.

വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ടെക്നോപാർക്കിലെ C-DAC കെട്ടിടത്തിൽ ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ടെക്നോളജി

ഇന്നവേഷൻ സോണിൽ ഫിൻടെക് ആക്സിലറേറ്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഹെൽത്ത് ടെക് ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഭാവിസാങ്കേതികതയിൽ ഗ്രോത്ത് എക്സ്-മായി സഹകരിച്ച് വെർച്വൽ ആക്സിലറേറ്ററും ആരംഭിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് സ്ഥലസൗകര്യം ലഭ്യമാക്കുക, ഫാബ് ലാബ്, സൂപ്പർ ഫാബ് ലാബ്, കമ്പോണന്റ് ഹബ്ബ് എന്നിവ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യുക, സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ, റിസർച്ച് ഇന്നവേഷൻ പ്രോഗ്രാം, ടെക്നോളജി കൊമേഴ്സ്യലൈസേഷനും ട്രാൻസ്ഫറിനുമുള്ള സഹായം എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളാണ്.

### 3) ശേഷി വികസിപ്പിക്കലും പരിശീലനവും

സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയ്ക്കുള്ള വഴിയൊരുക്കുക, ഫെലോഷിപ്പ് നൽകുക, സ്റ്റാർട്ടപ്പ് മിഷന്റെയും സ്റ്റാർട്ടപ്പുകളുടെയും ശേഷി വികസിപ്പിക്കുക, ഇങ്കുബേഷൻ, ആക്സിലറേഷൻ ഉൾപ്പെട്ട സ്റ്റാർട്ടപ്പ് ലൈഫ് സൈക്കിൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

### 4) സ്റ്റാർട്ടപ്പുകളുടെ വളർച്ചയ്ക്കാവശ്യമായ ധനസഹായവും നിലനിൽപ്പും

സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ഇന്നവേഷൻ ഗ്രാന്റുകൾ, ഗ്രാൻഡ് കേരള സ്റ്റാർട്ടപ്പ് ചലഞ്ച്, ഗവേഷണ വികസന ഗ്രാന്റ്, ആദ്യ കാല സീഡ് ലോണുകൾ, സ്കെയിലപ് സീഡ് ലോണുകൾ, ഇങ്കുബേറ്ററുകൾക്കുള്ള സീഡ് ലോണുകൾ, ആദ്യ മാതൃകകൾ രൂപീകരിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് പലിശരഹിത വായ്പ, സ്കെയിലപ് സ്റ്റാർട്ടപ്പുകൾക്കുള്ള വാടകയിന്മേൽ സബ്സിഡി, പേറ്റന്റിനുള്ള ചെലവ് തിരികെ നൽകൽ, ഫണ്ട് ഓഫ് ഫണ്ട്, വിദ്യാർത്ഥികൾക്കുള്ള ഇന്നവേഷൻ ഫണ്ട്, വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനുള്ള ധനസഹായം, ഓഹരിയുടെ അടിസ്ഥാനത്തിലുള്ള നിക്ഷേപം തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

### 5) വാണിജ്യ വികസനം, വിപണനം

സ്റ്റാർട്ടപ്പുകളുടെയും സ്റ്റാർട്ടപ്പ് മിഷന്റെയും വാണിജ്യ വികസനം, അന്താരാഷ്ട്ര പ്രകാശന പദ്ധതികൾ തുടങ്ങിയവയാണ് ഇതിന്റെ ഘടകങ്ങൾ

### 6) സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിൽ വനിതകൾ

വനിതകൾക്കുള്ള നെറ്റ് വർക്കിംഗ് പരിപാടികൾ, ബൂട്ട് ക്യാംപുകൾ, ഹാക്കത്തോണുകൾ, വനിതാ സംരംഭകരെ ബന്ധപ്പെടുത്തുന്ന പരിപാടി, വനിതാ സ്റ്റാർട്ടപ്പുകൾക്കായി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, നാനോ സ്റ്റാർട്ടപ്പുകൾ, വനിതകളുടെ വാർഷിക സമ്മിറ്റ്, വനിതാ സ്റ്റാർട്ടപ്പുകൾക്കായുള്ള റിസർച്ച് ഇന്നവേഷൻ പരിപാടികൾ, ഗവേഷണ വികസന ഗ്രാന്റ്, ഇങ്കുബേഷൻ പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്.

## II. ടെക്നോളജി ഇന്നവേഷൻ സോൺ

സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥക്ക് ആവശ്യമായ അടിസ്ഥാനമൊരുക്കലും അതിന്റെ പരിപാലനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരത്ത് പുതിയ ഇങ്കുബേറ്റർ, കൊച്ചിയിൽ ടെക്നോളജി ഇന്നവേഷൻ സോണിൽ സാൻവിച്ച് ബിൽഡിംഗ്, ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിന്റെ പൂർത്തീകരണത്തിന് ആവശ്യമായ പ്രവർത്തികൾ, 10 കെ ബിൽഡിംഗിന്റെ ഫയർ ക്ലിയറിംഗിനാവശ്യമായ പ്രവൃത്തികൾ, ബയോനെസ്റ്റിന്റെ അറ്റകുറ്റപണികൾ, ഡിജിറ്റൽ ഹബ്ബ് സജ്ജീകരിക്കൽ, ബിൽഡിംഗ്-2 ന്റെ സജ്ജീകരണം തുടങ്ങിയവയാണ് നടപ്പുസാമ്പത്തികവർഷം വിഭാവനം ചെയ്തിട്ടുള്ളത്.